പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2423** 08.05.2017-ന് മറുപടിയ്ക്ക്

**കാരാപ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട ലാൻറ് അക്വിസിഷൻ ഓഫീസ്**

| **ചോദ്യം**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ** | **ഉത്തരം**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) വയനാട് ജില്ലയിലെ കാരാപ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ലാൻറ് അക്വിസിഷൻ ഓഫീസ് നിർത്തലാക്കുന്നത് സംബന്ധിച്ച നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലയിൽ കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കെ.ആർ.പി ഓഫീസിനെ 12.04.2017-ലെ G.O(Rt)1760/17/RD നമ്പർ ഉത്തരവ് പ്രകാരം 31.03.2017-ന് തുടർച്ചാനുമതി അവസാനിപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത യൂണിറ്റിന്റെ തൽസ്ഥിതി തുടരേണ്ടതാണെന്ന ലാന്റ് റവന്യൂ കമ്മീഷണറുടെ അഭ്യർത്ഥന പരിഗണനയിലാണ്. |
| (ബി) ലാൻറ് അക്വിസിഷൻ സംബന്ധമായ പ്രവർത്തനങ്ങൾ കാരാപ്പുഴ പദ്ധതി പ്രദേശത്ത് പൂർത്തീകരിച്ചിട്ടുണ്ടോ? | (ബി) കാരാപ്പുഴ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് 76.6427 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഡിനോവ ആയ കേസുകളിൽ 5.72 ഹെക്ടർ ഭൂമി കൂടി ഏറ്റെടുക്കുവാൻ ബാക്കിയുണ്ട്. പ്രസ്തുത ഭൂമി LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.പിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ